# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2362** **09.03.2018 ലെ മറുപടി**

## മലപ്പുറം മണ്ഡലത്തിലെ തടയണ നിർമ്മാണങ്ങൾ

**ചോദ്യം**

**ശ്രീ.പി.ഉബൈദുള്ള:**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) കുടിവെള്ള ക്ഷാമം മുന്നിൽക്കണ്ട് ജലവിഭവ വകുപ്പിനു കീഴിൽ കൂടുതൽ തടയണകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എ) ജലസേചന വകുപ്പിന് കീഴിലുള്ള ആർ.സി.ബി / തടയണ/വി.സി.ബികളെല്ലാം തന്നെ കൃഷിക്കു പുറമെ കുടിവെള്ളം ഉൾപ്പെടെയുള്ള വിവിധോദ്ദേശ്യ പദ്ധതികളാണ്. 2017-18 ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം റഗുലേറ്ററുകളും തടയണകളും നിർമ്മിക്കുന്നതുവഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റുന്ന ഒരു സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്.

(ബി) മലപ്പുറം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കടലുണ്ടിപ്പുഴയിലെ കാട്ടുങ്ങൽ, പൂഴങ്കാവ്, എടായ് പാലം എന്നിവിടങ്ങളിൽ തടയണ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ 2018 ലെ ബഡ്ജറ്റിൽ പരാമർശിക്കപ്പെട്ട പ്രസ്തുത സ്ഥലങ്ങളിൽ തടയണ നിർമ്മിക്കുവാനും കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും സത്വര നടപടികൾ സ്വീകരിക്കുമോ?

(ബി)യും (സി)യും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കടലുണ്ടി പുഴയിൽ കാട്ടുങ്ങൽ വട്ടാണിക്കടവിൽ തടയണയ്ക്ക് വേണ്ടി പര്യവേക്ഷണ പ്രവൃത്തി പൂർത്തീകരിച്ചിരുന്നു. എന്നാൽ പര്യവേക്ഷണ ത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി സുരക്ഷിതമാകില്ലായെന്നും ആയതിനാൽ ടി സ്ഥലത്ത് ചെക്ക് ഡാം വേണ്ടായെന്നും ഇറിഗേഷൻ ഡിസൈൻ വിംഗായ ഐ.ഡി. ആർ.ബി നിർദ്ദേശിച്ചിരിക്കുന്നു. പൂഴങ്കാവിൽ റഗുലേറ്റർ പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ എസ്.പി.വി ആയ

കെ.ഐ.ഐ.ഡി.സി മുഖേന നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. എടായ് പാലം തടയണയുടെ സാധ്യത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**